# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചളവറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: No.KSA PKD-P16/477/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചളവറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചളവറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P16/477/2023 തീയ്യതി: 30/03/2023

## പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-04-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ആർ. പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.കെ.പി.രാമകൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എസ്.ഷഹീർ,സീ.ഗ്രേഡ്.ഓഡിറ്റർ
ശ്രീമതി.അനിത കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.ചന്ദ്രബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| രാജീവ് എസ്.കെ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| രഞ്ജിത്ത് .ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 05-07-2021 |
| ശാലിനി വർഗ്ഗീസ് | സെക്രട്ടറി | 06-07-2021 | 01-08-2021 |
| രഞ്ജിത്ത് .ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-08-2021 | 23-08-2021 |
| ശാലിനി വർഗ്ഗീസ് | സെക്രട്ടറി | 24-08-2021 | 03-11-2021 |
| കെ.പി.സുപ്രഭ | സെക്രട്ടറി | 04-11-2021 | 07-11-2021 |
| ടി.വി.ജയൻ | സെക്രട്ടറി | 08-11-2021 | 16-12-2021 |
| ഷീജ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-12-2021 | 22-12-2021 |
| വിനോദ് എ.കെ | സെക്രട്ടറി | 23-12-2021 | 02-01-2022 |
| ടി.വി.ജയൻ | സെക്രട്ടറി | 03-01-2022 | 05-02-2022 |
| ഷീജ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനകൻ | അസി.എഞ്ചിനീയർ | 01-04-2021 | 30-04-2021 |
| സുകേഷ് സി.യു | അസി.എഞ്ചിനീയർ | 01-05-2021 | 01-08-2021 |
| മാലിനി കെ | അസി.എഞ്ചിനീയർ | 02-08-2021 | 03-10-2021 |
| ശാലിനി എസ് | അസി.എഞ്ചിനീയർ | 04-10-2021 | 31-03-2022 |
| ഷിബു | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| സ്വാതി പി.എസ് | കൃഷി ഓഫീസർ | 01-04-2021 | 05-05-2021 |
| പ്രിയ വെള്ളാട്ട് | കൃഷി ഓഫീസർ | 06-05-2021 | 04-10-2021 |
| റൂബിന എ | കൃഷി ഓഫീസർ | 05-10-2021 | 15-11-2021 |
| അർച്ചന സി.ആർ | കൃഷി ഓഫീസർ | 16-11-2021 | 29-03-2022 |
| സ്വാതി പി.എസ് | കൃഷി ഓഫീസർ | 30-03-2022 | 31-03-2022 |
| ഉമൈബ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| മീര എ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ഉഷ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2021 | 29-06-2021 |

| | | | |
|---|---|---|---|
| ജസ്ന എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-06-2021 | 31-03-2022 |
| രഞ്ജിത്ത് .ആർ | അസി.സെക്രട്ടറി | 01-04-2021 | 27-10-2021 |
| നാരായണൻ എം.എസ് | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 28-10-2021 | 29-10-2021 |
| ഷീജ എസ് | അസി.സെക്രട്ടറി | 30-10-2021 | 30-10-2021 |
| നാരായണൻ എം.എസ് | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 31-10-2021 | 31-12-2021 |
| ഷീജ എസ് | അസി.സെക്രട്ടറി | 01-01-2022 | 31-03-2022 |
| ഡോ.മുഹമ്മദ് ഹനീഫ് ഹുസൈൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ഷബാന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.അനുരൂപ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| വിജയൻ കെ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി -ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-11 |
| 13 | വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ | 1-12 |
| 14 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു | 1-12-1 |
| 15 | ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി | 1-12-2 |
| 16 | നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ കുറവ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ | 1-12-3 |
| 17 | റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്കു ബാധകമായ നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിട്ടില്ല. | 1-12-4 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-13 |
| 19 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല | 1-13-1 |
| 20 | റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-13-2 |
| 21 | പഞ്ചായത്ത് അംഗീകരിച്ച ലൈസൻസ് ഫീസ് സ്ലാബില്ലില്ലാത്ത നിരക്കിൽ ഫീസ് ഈടാക്കിയിരിക്കുന്നു | 1-13-3 |
| 22 | വെള്ളക്കരം - യഥാർത്ഥ വരവ്, കുടിശ്ശിക എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-14 |

| | | |
|---|---|---|
| 23 | കെട്ടിടങ്ങളുടെ ക്രമവൽക്കരണം - രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല | 1-15 |
| 24 | ഇ-ടെൻഡർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-16 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-17 |
| 26 | പശു വളർത്തൽ പദ്ധതികൾ - രണ്ട് നിരക്കിൽ കറവ പശുക്കളെ വാങ്ങിയിരിക്കുന്നു | 1-18 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 28 | ക്ഷീര സമൃദ്ധി - വകയിരുത്തിയ മുഴുവൻ തുകയും ആനുകൂല്യം നൽകിയിട്ടില്ല | 1-20 |
| 29 | ന്യൂട്രീമിക്സ് വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-21 |
| 30 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതികൾ - അധിക തുക അനുവദിച്ചു | 1-22 |
| 31 | പി എം എ വൈ (ജനറൽ) പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 32 | വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-24 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 34 | എസ്.എസ്.കെ. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 35 | എഗ്രിമെന്റ് ചമച്ചത് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല. | 1-27 |
| 36 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. | 1-28 |
| 37 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-29 |
| 38 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ് -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല. | 1-30 |
| 39 | തെരുവു വിളക്കുകളുടെ പരിപാലനം- മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചു. | 1-31 |
| 40 | പ്രത്യേക സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണം അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചു. | 1-32 |
| 41 | കുടിവെള്ള പദ്ധതികൾ- കേടായ മോട്ടോർ ഗ്രാമ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതിന്റെ വിവരം ലഭ്യമായില്ല | 1-33 |
| 42 | " ഇൻവേർട്ടറും അനുബന്ധ ഉപകരണങ്ങളും" വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല. | 1-34 |
| 43 | എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-35 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ്- ചെലവ് പത്രിക സംക്ഷിപ്തം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 22/02/2021 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1(1) തിയ്യതി-26-02-2022). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1204351 | 247321000 | 248525351 | 247416000 | 1109351 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 18-06-2022 |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സചിത്ര, സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3)വെള്ളക്കരം - യഥാർത്ഥ വരവ്, കുടിശ്ശിക എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

4)NREGA-അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

5)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

6)ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ചിരിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

7) 2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13311720 |
| ഓഡിറ്റ് വർഷത്തെ വരവ് | 81795462 |
| ആകെ | 95107182 |
| ചെലവ് | 78141944 |
| നീക്കിയിരിപ്പ് | 16965238 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10950593 | 10950593 | 10950593 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 10088474 | 10088474 | 10058474 | 30000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 31326000 | 31326000 | 14572819 | 16753181 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 5403325 | 5403325 | 3545269 | 1858056 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 7217344 | 7217344 | 3177535 | 4039809 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് (Basic-UnTied) | 0 | 2656026 | 2656026 | 1466951 | 1189075 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 190 | 15607573 | 15607763 | 15577626 | 30137 |
| ശുചിത്വ മിഷൻ | 1102676 | 166324 | 1269000 | 1224000 | 45000 |
| TSC | 370881 | 0 | 370881 | 0 | 370881 |
| ICDS | 788592 | 994857 | 1783449 | 1182994 | 600455 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 118818299 | 174 | 57713739 | 0 | 46 | 79.09 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 3897700 | 2188010 | 56.13 |
| വി.ഇ.ഒ | 15 | 13 | 47135970 | 12860711 | 27.28 |
| ICDS സൂപ്പർവൈസർ | 7 | 7 | 5262130 | 4093077 | 77.78 |
| സെക്രട്ടറി | 48 | 33 | 19375387 | 7962212 | 41.09 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 115 | 88 | 30284751 | 22092688 | 72.94 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 674911 | 600270 | 88.94 |
| മെഡിക്കൽ ഓഫീസർ-ISM | 5 | 5 | 1608325 | 1604893 | 99.78 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 425000 | 425000 | 100 |
| അസി.സെക്രട്ടറി | 12 | 10 | 5149125 | 4290604 | 83.32 |
| വെറ്ററിനറി സർജൻ | 7 | 7 | 4255000 | 1150774 | 27.04 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 750000 | 445500 | 59.40 |

| ആകെ | 220 | 174 | 118818299 | 57713739 | 48.57 |
|---|---|---|---|---|---|

## 1-6 തൊഴിലുറപ്പ് പദ്ധതി

| | ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 12144008 | 12144008 | 12144008 | 0 |
| | മെറ്റീരിയൽ | 0 | 2148681 | 2148681 | 2148681 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 190 | 1314884 | 1315074 | 1284937 | 30137 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 4177200 | 253 |
| വിധവാപെൻഷൻ | 17616000 | 1117 |
| വാർദ്ധക്യകാലപെൻഷൻ | 2736000 | 1833 |
| വികലാംഗപെൻഷൻ | 5013200 | 317 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2424600 | 156 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2023, 3 PM ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 45799/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

11.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19-11-2022 | September 2022 To November 2022 | 19-11-2022 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2009 To 3.08.2009 | 2004 – 05 To 2008- 09 | 16.09.2009 | ഇല്ല |

## 1-11 തൊഴിൽ നികുതി -ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ചളവറ പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നതിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| |
|---|
| പി.എൻ.വൈ സഭ ഫൈനാൻസ് |
| വള്ളുവനാട് ഇംഗ്ളീഷ് മീഡിയം സ്കൂൾ |
| മോളൂർ സെൻട്രൽ സ്കൂൾ |
| പോസ്റ്റ് ഓഫീസ് കയിലിയാട് |
| പോസ്റ്റ് ഓഫീസ് മുണ്ടക്കോട്ടുകുറിശ്ശി |
| ബ്രൈറ്റ് സോപ്പ് വർക്സ് |
| കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ് |

| |
|---|
| ഗ്ലോബൽ എം സാന്റ് |
| വി.പി പെട്രോളിയം കയിലിയാട് |
| എം.എം.ആർ .എംസാന്റ് |

ഓഡിറ്റ് അന്വേഷണം 16/12-01-2023 ന് നൽകിയ മറുപടിയിൽ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ഡിമാന്റ് രജിസ്റ്ററിൽ വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ

വസ്തു നികുതി ഡാറ്റയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു

ഘടനപരമായ മാറ്റമില്ലാത്ത 2013 വർഷത്തിന് മുമ്പ് നികുതി നിർണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. സ.ഉ.(എം.എസ്.)നം.144/2015/തസ്വഭവ, തീയതി 27.04.2015, സ.ഉ.(എം.എസ്.)നം.358/2015/തസ്വഭവ, തീയതി 16.12.2015 എന്നീ ഉത്തരവുകൾ പ്രകാരം ഘടനപരമായ മാറ്റം വരുത്താതെ പരിമിതപ്പെടുത്തിയ കെട്ടിടങ്ങൾക്ക് 1-4-2013 മുമ്പ് ഉണ്ടായിരുന്ന നികുതി ഈടാക്കിയാൽ മതിയെന്ന് നിഷ്കർഷിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച മീ) |
|---|---|---|
| 1 | 2/374 | 126 |
| 2 | 3/469 | 120 |
| 3 | 3/473A | 120 |
| 4 | 3/471 | 120 |
| 5 | 3/470 | 120 |
| 6 | 6/440 | 116 |

| | | |
|---|---|---|
| 7 | 7/453 | 142.8 |
| 8 | 8/371 | 180 |
| 9 | 12/4 | 110 |
| 10 | 13/313 | 102.365 |
| 11 | 13/403 | 113 |
| 12 | 12/6 | 210 |
| 13 | 13/406 | 191.97 |
| 14 | 15/157 | 168 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ പരിഹരിക്കാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 15/12-01-2023ന് മറുപടിയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തി നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം 6-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഈ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് ( ഫോറം 6) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-12-2 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) |
|---|---|---|---|---|
| 1 | 1/10A | സന്തോഷ് ബാബു | പാർപ്പിടം | 16.5 |
| 2 | 1/10B | സന്തോഷ് ബാബു | പാർപ്പിടം | 53.2 |
| 3 | 1/32A | സഹദേവൻ | പാർപ്പിടം | 56.75 |
| 4 | 1/32 B | സഹദേവൻ | പാർപ്പിടം | 63.38 |

മേൽ പട്ടിക പ്രകാരം ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/12.01.2023) മറുപടിയായി മേൽ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-3 നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ കുറവ് രേഖപ്പെടുത്താത്ത

കെട്ടിടങ്ങൾ

നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ കുറവ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ ഉൾപ്പെട്ടതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Tax |
|---|---|---|---|---|---|
| 1 | 6 | 289 | A | രജനി(പടിക്കപറമ്പിൽ,ചളവറ, | 156 |
| 2 | 11 | 464 | | രാധാകൃഷ്ണൻ നായർ(പരതക്കാട്, കയിലിയാട് ) | 296 |
| 3 | 13 | 523 | | ഹരിദാസൻ(മലച്ചിയിൽ) | 567 |

വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/12.01.2023) ലഭിച്ച മറുപടിയിൽ ഡിമാന്റിൽ കുറവ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ പരിശോധിച്ച് കുറവ് വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

### 1-12-4 റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്കു ബാധകമായ നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിട്ടില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമം കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ- കൂടിയ നിരക്ക് 25 രൂപ). റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്കു ബാധകമായ നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ- 15/12.01.2023) മറുപടിയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഹോം സ്റ്റേയ്ക്കു ബാധകമായ നികുതി നിരക്ക് ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

### 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നുള്ള പരിശോധനയാണ് നടത്തിയിട്ടുള്ളത്. 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് സെക്രട്ടറി നൽകിയ മറുപടി പരിഗണിച്ച് തയ്യാറാക്കിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ്

എൻക്വയറി നം. 02/10.01.2023).

1-13-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 15 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 1234 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. എന്നാൽ 2021-22 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 255 (281 കെട്ടിടങ്ങളിലായി) എണ്ണം മാത്രമാണ്. ഇത് സഞ്ചയ പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ 25 ശതമാനത്തിലും താഴെയാണ്. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-13-2 റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമനം 149, 132, 139 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും കള്ള് ഷാപ്പുകൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻ കടകൾ, 4 കള്ള് ഷാപ്പുകൾ, കയിലിയാട് ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-13-3 പഞ്ചായത്ത് അംഗീകരിച്ച ലൈസൻസ് ഫീസ് സ്ലാബിലില്ലാത്ത നിരക്കിൽ ഫീസ് ഈടാക്കിയിരിക്കുന്നു

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾക്ക് ആനുപാതികമായി പഞ്ചായത്തിൽ ബാധകമായിട്ടുള്ള ലൈസൻസ് ഫീസ് സ്ലാബുകൾ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് (തീരുമാനം നം. 12(1)/11.05.2022).

എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് അംഗീകരിച്ച ലൈസൻസ് ഫീസ് സ്ലാബിലില്ലാത്ത നിരക്കിൽ ഫീസ് ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) | പഞ്ചായത്ത് അംഗീകരിച്ച ലൈസൻസ് ഫീസ് സ്ലാബ് പ്രകാരം |
|---|---|---|---|---|---|
| 1 | കെ ടി ക്രഷേഴ്സ് & അഗ്രഗേറ്റ്സ് പ്രൈ. ലിമിറ്റഡ് | പോൾ കെ ടി | 1 | 2000 | 1800 |

| | | | | | |
|---|---|---|---|---|---|
| 2 | ഗായത്രി അഗ്രികോ | എം സുബ്രഹ്മണ്യൻ | 145 | 2000 | 1800 |
| 3 | വി പി പെട്രോൾ പമ്പ് | പ്രീത യു | 219 | 4000 | 4200 |

പഞ്ചായത്ത് അംഗീകരിച്ച ലൈസൻസ് ഫീസ് സ്ലാബിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസുകൾ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വെള്ളക്കരം - യഥാർത്ഥ വരവ്, കുടിശ്ശിക എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കൈതേരിക്കുന്ന് | 158 |
| 2 | കയിലിയാട് ചാലിയംകുന്ന് | 251 |
| 3 | നടുത്തൊടി പറമ്പ് | 12 |
| 4 | കിളിഞ്ചീരിക്കുന്ന് | 31 |
| 5 | പട്ടത്തിൽ | 15 |
| 6 | കളത്തിൽകുന്ന് | 12 |
| 7 | കറുത്തൊടി | 21 |
| 8 | ചോലയിൽത്തൊടി | 15 |
| ആകെ ഉപഭോക്താക്കളുടെ എണ്ണം | | 515 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം വെള്ളക്കരം ഇനത്തിൽ 692002 രൂപയും വാട്ടർ കണക്ഷൻ ചാർജിനത്തിൽ 80000 രൂപയും വരവുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ പരിശോധനയ്ക്ക് നൽകിയിട്ടുള്ള വെള്ളക്കരത്തിന്റെ കമ്പ്യൂട്ടർ ജനറേറ്റഡ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ ആകെ വരവായി 702161 രൂപയും വെള്ളക്കര കുടിശ്ശികയായി 158651 രൂപയും ഉള്ളതായി

രേഖപ്പെടുത്തിയിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥത്തിലുള്ള വെള്ളക്കര വരവ്, കുടിശ്ശിക എന്നിവ രേഖപ്പെടുത്താത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/12.01.2023) ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വെള്ളക്കരം ഇനത്തിലുള്ള വരവ്, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഡിമാന്റ് രജിസ്റ്റർ, കൺസ്യൂമർ രജിസ്റ്റർ, ലെഡ്ജറുകൾ എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. വാർഷിക ധനകാര്യ പത്രികയിൽ വെള്ളക്കരം ഇനത്തിൽ യഥാർത്ഥത്തിലുള്ള വരവ്, കുടിശ്ശിക എന്നിവ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 കെട്ടിടങ്ങളുടെ ക്രമവൽക്കരണം - രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം ക്രമവൽക്കരണ ഫീസിനത്തിൽ 77971 രൂപ വരവുണ്ട്. എന്നാൽ ക്രമവൽക്കരണ രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ ആകെ 20 അപേക്ഷകളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. രജിസ്റ്ററിൽ ഈടാക്കിയ ക്രമവൽക്കരണ ഫീസ്, രസീതി നം., അനുവദിച്ച കെട്ടിട നം., നിരസിച്ച അപേക്ഷകൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തന്നെ തൻവർഷത്തെ ക്രമവൽക്കരണ ഫീസിന്റെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമൂലം ക്രമവൽക്കരണ ഫീസിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. ക്രമവൽക്കരണ രജിസ്റ്ററിൽ എല്ലാ അപേക്ഷകളും ചേർക്കാത്തതിനും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനുമുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/10.01.2023) അപാകങ്ങൾ പരിഹരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ക്രമവൽക്കരണ രജിസ്റ്ററിൽ ലഭിക്കുന്ന മുഴുവൻ അപേക്ഷകളും ചേർക്കേണ്ടതും ഈടാക്കിയ ക്രമവൽക്കരണ ഫീസ്, രസീതി നം., അനുവദിച്ച കെട്ടിട നം. തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

2. വിവിധ കാരണങ്ങളാൽ ക്രമവൽക്കരണ അപേക്ഷകൾ നിരസിക്കുകയാണെങ്കിൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു, 235 എഎ പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ-ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI ഒറ്റപ്പാലം ബ്രാഞ്ചിൽ 00000037305526036 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 75977രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ - 09/22

അടങ്കൽ - 4,00000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് തുക– 4,00000/-

ചെലവ് വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 01/2021-22 | 07.12.2021 | 4,00,000/- |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതി പ്രകാരം 4,00,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്. പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭിക്കാത്ത സാഹചര്യത്തിൽ മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/11.01.2023) ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

1-18 പശു വളർത്തൽ പദ്ധതികൾ - രണ്ട് നിരക്കിൽ കറവ പശുക്കളെ വാങ്ങിയിരിക്കുന്നു

| ക്രമ നം. | പ്രൊജക്ട് നം. പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 139, പശു വളർത്തൽ പദ്ധതി - വനിത (ജനറൽ) | 2000000 രൂപ (വികസന ഫണ്ട് - 972680, തനത് ഫണ്ട് - 27320, മറ്റുള്ളവ - 1000000) | 402320 രൂപ (വികസന ഫണ്ട് - 375000, തനത് ഫണ്ട് - 27320)<br>1) ബിൽ നം. 03/21-22 /19.02.2022 – 375000 രൂപ<br>2) റിക്വിസിഷൻ നം. 1210009/02.03.2022 – 2320 രൂപ<br>3) റിക്വിസിഷൻ നം. 1210021/26.03.2022 – 25000 രൂപ<br>4)ചെക്ക് നം. 5730517/30.03.2022, തുക – 27320 രൂപ |
| 2 | 34, പശു വളർത്തൽ പദ്ധതി - വനിത (പട്ടികജാതി) | 600000 രൂപ (വികസന ഫണ്ട് - 450000, | 330000 രൂപ (വികസന ഫണ്ട് - എസ് സി പി)<br>1) ബിൽ നം. 04/21-22 /19.02.2022 – 120000 |

| | | | |
|---|---|---|---|
| | | മറ്റുള്ളവ - 150000) | രൂപ<br>2) ബിൽ നം. 14/21-22 /17.03.2022 – 180000 രൂപ<br>3) ബിൽ നം. 16/21-22 /27.03.2022 – 30000 രൂപ |

പശു വളർത്തൽ പദ്ധതി - വനിത (പട്ടികജാതി), പശു വളർത്തൽ പദ്ധതി - വനിത (ജനറൽ) എന്നീ പദ്ധതികൾ പ്രകാരം ബാങ്ക് ലോൺ മുഖേന 27 ഗുണഭോക്താക്കൾക്ക് (ജനറൽ – 16, പട്ടികജാതി – 11) കറവ പശുവിനെ വാങ്ങുന്നതിനായി ജനറൽ വിഭാഗത്തിൽ 50% സബ്സിഡിയും പട്ടികജാതി വിഭാഗത്തിന് 75% സബ്സിഡിയും ഗുണഭോക്താക്കളുടെ ബാങ്ക് ലോൺ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.

പദ്ധതികളുടെ പരിശോധയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് കറവ പശു ഒന്നിന്റെ വിലയായ 50000 രൂപയുടെ 50% സബ്സിഡിയായ 25000 രൂപയും, പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് കറവ പശു ഒന്നിന്റെ വിലയായ 40000 രൂപയുടെ 75% സബ്സിഡിയായ 30000 രൂപയും അതാത് ഗുണഭോക്താക്കളുടെ ബാങ്ക് ലോൺ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ രണ്ട് നിരക്കിൽ കറവ പശുവിന്റെ വില നിശ്ചയിക്കുവാനുള്ള കാരണം വ്യക്തമല്ല. മാത്രമല്ല സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.2(1) പ്രകാരം യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

40000 രൂപയ്ക്ക് കറവ പശു ലഭ്യമാണെന്നിരികെ ജനറൽ വിഭാഗത്തിലുള്ള 16 ഗുണഭോക്താക്കൾക്ക് കറവ പശു ഒന്നിന്റെ വിലയായ 50000 രൂപയുടെ 50% സബ്സിഡി നൽകിയത് മൂലം സബ്സിഡി ഇനത്തിൽ ഒരു കറവപ്പശുവിന് 5000 രൂപ (25000-20000) അധിക ചെലവ് വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇങ്ങനെ ആകെ 80000 രൂപ (16*5000) സബ്സിഡി ഇനത്തിൽ അധിക ചെലവ് വന്നിട്ടുണ്ട്.

3. പശു വളർത്തൽ പദ്ധതി - വനിത (ജനറൽ) പ്രകാരം തനത് ഫണ്ടിൽ നിന്നും 2320 രൂപ (റിക്വിസിഷൻ നം. 1210009/02.03.2022, ചെക്ക് നം. 5730517/30.03.2022) കോതകുറുശ്ശി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (നം. 1677201008038) മാറി നൽകിയിട്ടുണ്ട്. ബാങ്കിൽ നിന്നുള്ള യു. സി പ്രകാരം ഷീജ, ചോലക്കൽ എന്നവരുടെ ലോണിലേക്കായാണ് തുക സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഷീജ, ചോലക്കൽ എന്നവരുടെ അപേക്ഷ, പശു വാങ്ങിയതിന്റെ വിവരം, ഇൻഷ്വറൻസ് രേഖ, കരാർ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം. 11/12.01.2023) മുഖേന വെറ്ററിനറി സർജന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) 40000 രൂപയ്ക്ക് കറവ പശു ലഭ്യമാണെന്നിരികെ ജനറൽ വിഭാഗത്തിലുള്ള 16 ഗുണഭോക്താക്കൾക്ക് കറവ പശു ഒന്നിന്റെ വിലയായ 50000 രൂപയുടെ 50% സബ്സിഡിയായ 25000 രൂപ അനുവദിച്ചതിനുള്ള കാരണം അറിയിക്കുന്നതുവരെ ജനറൽ വിഭാഗത്തിലുള്ള 16 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 80000 രൂപയുടെ (16*5000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ഷീജ, ചോലക്കൽ എന്നവരുടെ അപേക്ഷ, പശു വാങ്ങിയതിന്റെ വിവരം, ഇൻഷ്വറൻസ് രേഖ, കരാർ എന്നിവ പരിശോധന ലഭ്യമാക്കുന്നത് വരെ ടിയാൾക്ക് സബ്സിഡി ഇനത്തിൽ നൽകിയ 2320

രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 51, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1250000 രൂപ (വികസന ഫണ്ട് - 312500, സംസ്ഥാനാവിഷ്കൃത ഫണ്ട് - 312500, മറ്റുള്ളവ - 625000) |
| ചെലവ് | 150000 രൂപ (വികസന ഫണ്ട്)<br>1) ബിൽ നം. 05/21-22/19.02.2022 – 125000 രൂപ<br>2) ബിൽ നം. 13/21-22/17.03.2022 – 25000 രൂപ |
| നിർവഹണം | വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലനത്തിനായി ഒരു ഗുണഭോക്താവിന് 6250 രൂപ തോതിൽ 24 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായ 150000 രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറുടെ അക്കൗണ്ടിലേക്ക് (നം. 714021400000008) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറിൽ നിന്നും പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2) മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെട്ടതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം. 10/12.01.2023) മുഖേന വെറ്ററിനറി സർജന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറിൽ നിന്നും പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ക്ഷീര സമൃദ്ധി - വകയിരുത്തിയ മുഴുവൻ തുകയും ആനുകൂല്യം നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. പേര് | 121, ക്ഷീര സമൃദ്ധി |
| അടങ്കൽ | 450000 രൂപ (വികസന ഫണ്ട് (ജനറൽ) - 150000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 150000, ജില്ലാ പഞ്ചായത്ത് വിഹിതം - 150000) |
| ചെലവ് | 295500 രൂപ (വികസന ഫണ്ട് |

| | |
|---|---|
| | (ജനറൽ) - 150000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 45500, ജില്ലാ പഞ്ചായത്ത് വിഹിതം - 100000)<br>1) ബിൽ നം. 01/21-22/26.02.2022 – 150000 രൂപ<br>2) ബിൽ നം. 02/21-22/26.02.2022 – 100000 രൂപ<br>3) ബിൽ നം. 03/21-22/26.02.2022 – 45500 രൂപ |
| നിർവ്വഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |

മേൽ പദ്ധതി പ്രകാരം കയിലിയാട്, ചളവറ, പാലക്കോട്, ബീവിപ്പടി എന്നീ ക്ഷീര സംഘത്തിൽ പാലളക്കുന്ന പഞ്ചായത്തിലെ 186 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിലാണ് പദ്ധതി പ്രകാരം പാൽ സബ്സിഡി നൽകുന്നത്.

ക്ഷീര കർഷകർക്ക് തൻവർഷം ആകെ അഞ്ച് മാസത്തെ (ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്) പാൽ സബ്സിഡി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അതിൽ ആഗസ്റ്റ് മാസത്തിൽ അളന്ന പാലിന് 0.71 രൂപ നിരക്കിലാണ് പാൽ സബ്സിഡി അനുവദിച്ചിരിക്കുന്നത്.

പദ്ധതി പ്രകാരം 450000 രൂപ വകയിരുത്തിയിട്ടും ആകെ 295500 രൂപ മാത്രമാണ് ക്ഷീര കർഷകർക്ക് പാൽ സബ്സിഡിയായി നൽകിയിട്ടുള്ളത്. പദ്ധതി പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/12.01.2023) ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ മുഴുവൻതുകയും ലഭിച്ചില്ലെന്നും പദ്ധതി കാലയളവ് അവസാനിക്കുന്നതിന് തൊട്ട് മുമ്പുള്ള റിവിഷൻ സമയത്ത് കൃത്യമായ തുകയാക്കി അംഗീകാരം വാങ്ങാൻ വിട്ട് പോയതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സംയുക്ത പദ്ധതികൾ മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വിഹിതം യഥാസമയം ലഭ്യമാക്കിയും, തനത് ഫണ്ടിൽ നിന്നും കൂടുതൽ തുക ലഭ്യമാണെങ്കിൽ വകയിരുത്തിയും ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷത്തിലെ മുഴുവൻ കാലയളവിലും സബ്സിഡി നൽകുന്നതിന് ഉതകുംവിധം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വരും വർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

2. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികമല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് പരിധിയിലെ അർഹരായ എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-21 ന്യൂട്രിമിക്സ് വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

അങ്കണവാടി പോഷകാഹാരം പദ്ധതികൾ പ്രകാരം അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്,

കിഡ്സ് ലൗവർ അമൃതം ഫുഡ്, ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. സ്ഥാപനം നൽകിയ ഇൻവോയ്സ് പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ തുകയോടൊപ്പം 5% ജി എസ് ടിയും ഈടാക്കിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം., പേര് | ബിൽ നം./തീയതി | ഇൻവോയ്സ് നം./തീയതി | ജി എസ് ടി ഉൾപ്പെടാത്ത തുക (രൂപയിൽ) |
|---|---|---|---|
| 82, അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 01/21-22 /27.08.2021 | 905/29.03.2021 | 56700 |
| | | 922/27.04.2021 | 109200 |
| | | 935/27.05.2021 | 109200 |
| | | 950/25.06.2021 | 127645 |
| | 02/21-22 /30.09.2021 | 993/25.09.2021 | 114660 |
| | | 1011/29.10.2021 | 102060 |
| | 09/21-22 /22.02.2022 | 115/16.12.2021 | 68465 |
| | 1210013/29.01.2022 | 1024/23.11.2021 | 117600 |
| | | 1041/21.12.2021 | 108360 |
| 95, അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി) | 03/21-22 /30.09.2021 | 965/30.07.2021 | 107520 |
| | | 976/25.08.2021 | 120295 |
| ആകെ | | | 1141705 |

അക്കൗണ്ട് നമ്പർ - 0738256007299, കാനറ ബാങ്ക്

GST IN - 32AANFK0706E1ZT

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/13.01.2023) നിലവിൽ ടി ഡി എസ് ഈടാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതികൾ - അധിക തുക അനുവദിച്ചു

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 82, അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 2100000 രൂപ (വികസന ഫണ്ട് - 1500000, കേന്ദ്രാവിഷ്കൃത ഫണ്ട് - 600000) | 2037031 രൂപ (വികസന ഫണ്ട് - 1497981, കേന്ദ്രാവിഷ്കൃത ഫണ്ട് - 539050)<br>1) ബിൽ നം. 01/21-22 /27.08.2021 – 1000923 രൂപ<br>2) ബിൽ നം. 02/21-22 /30.09.2021 – 76078 രൂപ<br>3) ബിൽ നം. 09/21-22 /31.01.2022 – 420980 രൂപ<br>4) റിക്വിസിഷൻ നം. 1210013/29.01.2022 – 539050 രൂപ (ചെക്ക് നം. 917501/21.03.2022) |
| 2 | 95, അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി) | 840000 രൂപ (വികസന ഫണ്ട് - 600000, കേന്ദ്രാവിഷ്കൃത ഫണ്ട് - 240000) | 600000 രൂപ (വികസന ഫണ്ട് - എസ് സി പി)<br>1) ബിൽ നം. 03/21-22 /30.09.2021 – 600000 രൂപ |

നിർവഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ പദ്ധതികൾ പ്രകാരം അങ്കണവാടി വഴി കുട്ടികൾക്കുള്ള അമൃതം ന്യൂട്രീമിക്സ്, ഭക്ഷ്യധാന്യങ്ങൾ, കൗമാരകാർക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള സബലാ കിറ്റും വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിലുള്ള 27 അങ്കണവാടികൾക്ക് 175 കിലോ മട്ട അരി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഇഷ്യൂ നം. 0904123/2116/30.04.2021, തുക – 5075 രൂപ). ഇതിന്റെ തുക അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) പദ്ധതി പ്രകാരവും (ബിൽ നം. 01/21-22/27.08.2021) അങ്കണവാടി അനുപൂരക പോഷകാഹാരം (എസ് സി പി) പദ്ധതി പ്രകാരവും (ബിൽ നം. 03/21-22/30.09.2021) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിന്റെ അക്കൗണ്ടിലേക്ക് (നം.

15320200000979, ഫെഡറൽ ബാങ്ക്) മാറി നൽകിയതായി കാണുന്നു.

2) പഞ്ചായത്ത് പരിധിയിലുള്ള 27 അങ്കണവാടികൾക്ക് ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിയ വകയിൽ അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിന് 110745 രൂപ നൽകിയിട്ടുണ്ട് (ബിൽ നം. 01/21-22/27.08.2021). ബില്ലിന്റെ കൂടെ ചേർത്തിട്ടുള്ള വൗച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇഷ്യൂ നം./തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 0904123/20288 /30.11.2020 | 104657 | |
| 2 | 0904123/2116 /30.04.2021 | 5075 | |
| 3 | 0904123/2115 /26.04.2021 | 0 | 500 കിലോ അരി സൗജന്യമായി ലഭിച്ചത് |
| ആകെ | | 109732 | |

എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിന് 1013 (110745 - 109732) രൂപ അധികം നൽകിയതായി കാണുന്നു.

ബി) 30.11.2020 ലെ ഇഷ്യൂ നം. 0904123/20288 പ്രകാരമുള്ള തുക 2020-21 സാമ്പത്തിക വർഷത്തിൽ മാറാതെ 2021-22 സാമ്പത്തിക വർഷത്തിൽ മാറി നൽകുവാനുള്ള കാരണം വ്യക്തമല്ല.

3) അങ്കണവാടികളിലേക്ക് ഭക്ഷ്യ ധാന്യങ്ങൾ എത്തിച്ച വകയിലുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് കിഡ്സ് ലൗവർ അമൃതം ഫുഡ്, ഒറ്റപ്പാലം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിൽ അമൃതം ന്യൂട്രിമിക്സ്, സബല കിറ്റുകൾ എന്നിവയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടുന്നുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 732/08.11.2021 | 2025 | 1350 കിലോ അരി വിതരണം ചെയ്തതിന് |
| 2 | 758/21.12.2021 | 6175 | 1548 കിലോ അമൃതം ന്യൂട്രിമിക്സ്, 1350 കിലോ അരി, 940 കിലോ ഗോതമ്പ്, 80 ലിറ്റർ വെളിച്ചെണ്ണ, 199 കിലോ കടല എന്നിവ വിതരണം ചെയ്തതിന് |
| 3 | 638/19.07.2021 | 4369 | 1725 കിലോ ഗോതമ്പ്, 215 ലിറ്റർ വെളിച്ചെണ്ണ, 113 കിലോ കടല, 430 കിലോ വെല്ലം, 430 കിലോ ചെറുപയർ എന്നിവ വിതരണം ചെയ്തതിന് |

ഇതിൽ ഇൻവോയ്സ് നം. 638/19.07.2021 പ്രകാരമുള്ള തുക കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിൽ നിന്നും (ഇഷ്യൂ നം. 0904123/21204/27.08.2021) വാങ്ങിയിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജും, ഇൻവോയ്സ് നം. 732/08.11.2021 പ്രകാരമുള്ള തുക കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിൽ നിന്നും (ഇഷ്യൂ നം. 0904123/21217/04.09.2021) ലഭിച്ചിട്ടുള്ള സൗജന്യ അരിയുടേയും ട്രാൻസ്പോർട്ടേഷൻ ചാർജാണ്. എന്നാൽ ഇൻവോയ്സ് നം. 758/21.12.2021 പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളുടെ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിൽ നിന്നുള്ള ബില്ലുകൾ/ഇഷ്യൂ നമ്പറുകൾ, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/13.01.2023) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

1) ഇഷ്യൂ നം. 0904123/2116/30.04.2021 പ്രകാരമുള്ള തുക അബദ്ധവശാൽ രണ്ട് പ്രാവശ്യം മാറി

നൽകിയതാണെന്നും, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിന് അധികമായി നൽകിയ 5075/- രൂപ അടുത്ത ബില്ലിൽ ക്രമീകരിച്ച് നൽകുന്നതാണ്.

2) കാൽക്കുലേഷനിൽ വന്ന തെറ്റ് മൂലം ബിൽ നം. 01/21-22/27.08.2021 പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിന് അധികമായി നൽകിയ 1013/- രൂപ അടുത്ത ബില്ലിൽ ക്രമീകരിച്ച് നൽകുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

1. ഒരേ ഇഷ്യൂ നമ്പർ പ്രകാരമുള്ള തുക രണ്ട് പദ്ധതികളിൽ നിന്നും മാറി നൽകിയത് ക്രമ പ്രകാരമല്ല. അധികമായി നൽകിയ 5075/- രൂപ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ അധികമായി നൽകിയ 5075/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. കാൽക്കുലേഷനിൽ വന്ന തെറ്റ് മൂലം ബിൽ നം. 01/21-22/27.08.2021 പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിന് അധികമായി നൽകിയ 1013/- രൂപ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ അധികമായി നൽകിയ 1013/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. ഇൻവോയ്സുകൾ/ഇഷ്യൂ നമ്പറുകൾ പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം ട്രാൻസ്പോർട്ടേഷൻ ചാർജ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പി എം എ വൈ (ജനറൽ) പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 162, പി എം എ വൈ (ജനറൽ) പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 800000 രൂപ (വികസന ഫണ്ട് - 100000, കേന്ദ്രാവിഷ്കൃത ഫണ്ട് - 240000, തനത് ഫണ്ട് - 4000, ബ്ലോക്ക് പഞ്ചയാത്ത് വിഹിതം - 224000, ജില്ലാ പഞ്ചായത്ത് വിഹിതം - 232000) |
| ചെലവ് | 100000 രൂപ (വികസന ഫണ്ട്) |

| | |
|---|---|
| | ബിൽ നം. 30/21-22 /24.02.2022 – 100000 രൂപ |
| നിർവ്വഹണം | വി ഇ ഓ |

മേൽ പദ്ധതി പ്രകാരം പി എം എ വൈ (ജനറൽ) പഞ്ചായത്ത് വിഹിതമായ 100000 രൂപ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 40268101058855) മാറി നൽകിയിട്ടുണ്ട്. എന്നാൽ തുക ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയതെന്നുള്ള വിവരം, വിനിയോഗ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/16.01.2023) വിനിയോഗ സാക്ഷ്യപത്രം ഒറ്റപ്പാലം ബ്ലോക്ക് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

| ക്രമ നം. | പ്രൊജക്ട് നം. പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 157, വീട് വാസയോഗ്യമാക്കൽ (ജനറൽ) | 1050000 രൂപ (വികസന ഫണ്ട് – 1032584, തനത് ഫണ്ട് – 17416) | 758530 രൂപ (വികസന ഫണ്ട്) |
| 2 | 95, വീട് വാസയോഗ്യമാക്കൽ (എസ്.സി) | 1020000 രൂപ (വികസന ഫണ്ട് – എസ്.സി.പി) | 930000 രൂപ (വികസന ഫണ്ട് – എസ് സി പി) |

നിർവഹണം - വി ഇ ഓ

വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിൽപെടുന്ന ഒരു ഗുണഭോക്താവിന് 50000 രൂപ നിരക്കിൽ 21 ഗുണഭോക്താക്കൾക്ക് ആകെ 1050000 രൂപയും, വീട് വാസയോഗ്യമാക്കൽ (എസ് സി) പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ എസ് സി വിഭാഗത്തിൽപെടുന്ന ഒരു ഗുണഭോക്താവിന് 60000 രൂപ നിരക്കിൽ 17 ഗുണഭോക്താക്കൾക്ക് ആകെ 1020000 രൂപയും വകയിരുത്തിയിട്ടുണ്ട്.

പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾക്ക് വി ഇ ഓ നൽകിയ മറുപടി പരിഗണിച്ച് തയ്യാറാക്കിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 23/16.01.2023).

1) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കിയത് അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം അവസാന ഗഡു തുക നൽകുന്നതിന് മുമ്പ് എൽ.എസ്.ജി.ഡി എഞ്ചിനീയർ പണി പൂർത്തീകരിച്ചത് പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചാണ് സബ്സിഡി നിർണ്ണയിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പണി പൂർത്തീകരിച്ചത് പരിശോധിച്ച്

മൂല്യനിർണ്ണയം സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് എൽ.എസ്.ജി.ഡി ഓവർസിയറാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

3) താഴെ പറയുന്ന ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കുവാനാവശ്യമായ ആദ്യഗഡു 25000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചതായോ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയതായോ കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | കെട്ടിട നം. | അക്കൗണ്ട് നം. | ആകെ അനുവദിച്ച സബ്സിഡി |
|---|---|---|---|
| ലക്ഷ്മികുട്ടി, ചങ്ങരത്ത് വീട് | 5/115 | 167710801225 | 25000 (18.01.2022 ന്) |

കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ വീട് വാസയോഗ്യമാക്കുവാനാവശ്യമായ പ്രവൃത്തി പൂർത്തീകരിക്കാത്തത് ക്രമ പ്രകാരമല്ല. പ്രവൃത്തി പൂർത്തീകരിക്കുവാനാവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

4) വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി പ്രകാരമുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് നൽകേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കെട്ടിട നം. | അക്കൗണ്ട് നം. | ആകെ അനുവദിച്ച സബ്സിഡി |
|---|---|---|---|---|
| 1 | മാത, ചെറുവത്തൂർ മനപടി | 9/187 | 1677101019630 | 60000 |

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി ചളവറ ഇലക്ട്രിക്കൽ സെക്ഷൻ | 166/22 പഞ്ചായത്ത് റോഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 01/18.08.2021 (UTRno.12402131972944/ 18.08.2021) | 19461 |
| | 167/22 അങ്കണവാടികളുടെ വയറിംഗ്,ഇലക്ട്രിക് കണക്ഷൻ നൽകൽ | 1) 25/01.10.2021<br>2) 32/06.10.2021 | 12066<br>30000 |

സ.ഉ(കൈ)നം. 11/2018/ത. സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2.ഡി(ii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി

കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെ. എസ്. ഇ.ബി യുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/11.01.2023) പഞ്ചായത്ത് റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റേണ്ടത് പദ്ധതി പ്രവർത്തനങ്ങൾക്ക് അനിവാര്യമായതിനാലാണ് എസ്റ്റിമേറ്റ് പ്രകാരം തുക കൈമാറിയതെന്നും ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിന് കെ. എസ്. ഇ.ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1-26 എസ്.എസ്.കെ. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി. 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.കെ വിഹിതം നൽകൽ" പ്രൊജക്ടുകൾ പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB000812 A/c No: 0812101070730) 320000 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം & പേര് | അടങ്കൽ | ബിൽ നം. /തിയതി | തുക |
|---|---|---|---|
| 02/22 എസ്.എസ്.കെ വിഹിതം | 320000 രൂപ (വികസന ഫണ്ട് -ജനറൽ) | 23/22 തീ.09.09.2021 | 320000 രൂപ |

SSK ലഭ്യമാക്കിയ 37.07 ലക്ഷം രൂപയുടെ Annual Work Plan And Budget [AWP&B) പ്രകാരം ചളവറ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിന് ഏറ്റവും കൂടുതൽ തുക വകയിരുത്തിയ ഇനങ്ങൾ താഴെ പറയുന്നു.

എ) Text Book – 4.20 ലക്ഷം രൂപ

ബി) Provision For Children With Special Needs(CWSN) -9.70 ലക്ഷം രൂപ

സി) Foundation Literacy And Numeracy – 4.04 ലക്ഷം രൂപ

മേൽ ഇനങ്ങൾ നിർവഹിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും, യഥാർത്ഥ ചെലവു വിവരങ്ങളും ബി.ആർ.സി യിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/11.01.2023) 320000 രൂപ എസ്.എസ്.കെ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതായി സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ്.എസ്.കെ പാലക്കാട് ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-27 എഗ്രിമെന്റ് ചമച്ചത് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല.

കേരള ഫിനാൻസ് ആക്റ്റ്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. നിർവ്വഹണ ഏജൻസിയുമായി ആകെ 200/ രൂപയുടെ മുദ്രപത്രത്തിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റിന് നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 325/22 ടേക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട് സെന്ററിൽ |
| അടങ്കൽ | സി.എഫ്.സി ഗ്രാന്റ് - 1849500 രൂപ<br>ഒറ്റപ്പാലം ബ്ലോക്ക് വിഹിതം 1000000 രൂപ<br>ആകെ 2849500 രൂപ |
| നിർവ്വഹണം | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| നിർവ്വഹണ ഏജൻസി: | കോസ്റ്റ്ഫോർഡ് , തൃശ്ശൂർ (നോൺ പി.എം.സി ) |
| ഭരണാനുമതി | 1(1) 21.03.2022 |
| സാങ്കേതിക അനുമതി | 101/2021-22തീ.22.03.2022 |
| വൗച്ചർ നം | 22101234/31.03.2022 -569900 രൂപ (Pfms Id. 0046EATPAYREQ3003202277448/31.03.2022) |
| എഗ്രിമെന്റ് നം. | 056/2021-22 Dt 23.03.2022<br>(30.06.2022 കാലാവധി) |
| എഗ്രിമെന്റ് ചമച്ചത് | 200 രൂപ |
| എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നത് | 2850 രൂപ |
| കുറവ് | 2650 രൂപ |

സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ 2650 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/11.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* കരാറിലേർപ്പെടുന്നതിന് മുൻപ് മതിയായ നിരക്കിലുള്ള മുദ്രപത്രങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ ഉണ്ടായ 2650 രൂപയുടെ കുറവ്നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്ന വിവിധ കുടിവെള്ള പദ്ധതികളിലായി ആകെ 515 ഗുണഭോക്താക്കൾ ഉണ്ട്. പ്രതിമാസം 100 രൂപ നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത് .

കുടിശ്ശികയില്ലാതെ മുഴുവനായും പിരിച്ചെടുത്താൽ 618000 രൂപയാണ് ഒരുവർഷത്തിൽ ലഭിക്കുക (515*100*12 = 618000) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട 2021-22 വർഷത്തിലെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വൈദ്യുതി ചാർജ് (RP 13) | 695743 |
| 2 | പമ്പ് ഓപ്പറേറ്റർ വേതനം | 637320 |
| 3 | റിപ്പയർ & മെയിന്റനൻസ് (RP 38) | 764691 |
| 4 | ആകെ ചെലവ് | 2097754 |
| 5 | വെള്ളക്കരം വരവ് (RP 4) | 692002 |
| | വരവ് - ചെലവ് വ്യത്യാസം | (-) 1405752 |

തൻവർഷത്തിൽ വരവിനേക്കാൾ 14 ലക്ഷം രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ചളവറ കേന്ദ്രീകൃത കുടിവെള്ള വിതരണ സമിതിയ്ക്ക് 50 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 5000/- രൂപ വീതം 2019 ഒക്ടോബർ മുതൽ 2022 ജനവരി വരെയുള്ള കാലയളവിലെ തുക 140000 രൂപ പ്രൊജക്ട് 296/2022 പ്രകാരം നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാ) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ട താണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തനതു വരുമാനം കുറവായ ഗ്രാമ പഞ്ചായത്ത് നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/11.01.2023) താരതമ്യേന ദരിദ്രർ ആയ ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശമായതിനാലാണ് തനതു വരുമാനം കുറവാണെങ്കിലും പഞ്ചായത്തിന്റെ മേഖലാ അടിസ്ഥാനത്തിൽ ഉൾപ്പെട്ടിട്ടുള്ള "ജലവിതരണ"ത്തിൽനിന്നും മാറിനിൽക്കാൻ കഴിയാത്തതെന്നും വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകൾ നിലവിലില്ല എന്നും, ജലജീവൻ മിഷൻ നടപ്പാക്കുന്നമുറയ്ക്ക് ആവശ്യമായ മാറ്റം വരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങ ൾ

1.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ നടത്തേണ്ടതാണ്.

2.പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

3.വെള്ളക്കരം നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതാണ്.

4. വരവിന് ആനുപാതികമായി ചെലവുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു.

പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാനുവലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാനുവലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാധാ) നം.1444/2021/തസ്വഭവ തിയതി. 31-7-2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല വിശദ വിവരം ചുവടെചേർക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം (1) | പ്രവൃത്തിയുടെ വിവരം | 216/22 സാനിറ്ററി കോംപ്ലക്സ് ചളവറ സെന്ററിൽ (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1245579 രൂപ<br>സംസ്ഥാനാവിഷ്കൃതം – 554421 രൂപ<br>ആകെ 1800000 രൂപ |
| 2 | PAC- | 1606960 രൂപ |
| 3 | APAC | 1516982 രൂപ |
| 4 | കരാറുകാരൻ - | മുഹമ്മദ് കുട്ടി |
| 5 | സാങ്കേതികാനുമതി | LSGD/TS/2020-21 /109242/ 06.12.2020(6 മാസം) |
| 6 | എഗ്രിമെന്റ് നം.: | 99/AE/LSGD/CHVA/ തീ.24.02.2021 |
| 7 | പാർട്ട് ബിൽ | 0 |

| | | |
|---|---|---|
| 8 | ബിൽ / വൗച്ചർ നം.നം. | 1) 67/22 തീ.27.03.2022 – 1245579 രൂപ<br>2) 22101223/31.03.2022 – 391578 രൂപ<br>(ശുചിത്വ മിഷൻ ഗ്രാന്റ് ) |
| 9 | എം.ബുക്ക് നം. | 2703/21-22, 2704/21-22, 2682/21-22 |
| 10 | പൂർത്തീകരിക്കേണ്ട തീയ്യതി: | 23.08.2021 |
| 11 | പൂർത്തീകരിച്ച തീയ്യതി | 02.03.2022<br>(അവസാന ചെക്ക് മെഷർ) |
| 12 | ഈടാക്കേണ്ട പിഴ (3%) | 48210 രൂപ(23.08.2021 മുതൽ<br>29-02-2021 വരെ 1%=16070,<br>30-02-2021 മുതൽ 02-03-2022<br>വരെ 2%=32140) |
| 13 | ഈടാക്കിയത് | 0 |
| 14 | കുറവ് | 48210 രൂപ |

24.02.2021 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, അനുമതി നൽകിയതായോ കാണുന്നില്ല.

| ക്രമ നം (2) | പ്രവൃത്തിയുടെ വിവരം | 216/22 വടക്കേക്കര കറുപ്പത്ത്പടി റോഡ് സൈഡ് കെട്ടൽ (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ – | മെയിന്റനൻസ് ഗ്രാന്റ് റോഡ് – 298000 രൂപ |
| 2 | PAC- | 265639 രൂപ |
| 3 | APAC | 265639 രൂപ |
| 4 | കരാറുകാരൻ – | മുഹമ്മദ് മുസ്തഫ |
| 5 | സാങ്കേതികാനുമതി | LSGD/TS/2020-21/58429 /13.05.2020<br>(3 മാസം) |
| 6 | എഗ്രിമെന്റ് നം. | 42/AE/LSGD /CHVA/20-21തീ.25.06.2020 |
| 7 | പാർട്ട് ബിൽ | 0 |
| 8 | ബിൽ / വൗച്ചർ നം. | 63/22 തീ.27.03.2022 – 263461 രൂപ |

| | | |
|---|---|---|
| 9 | എം.ബുക്ക് നം. | 2496/20-21 |
| 10 | പൂർത്തീകരിക്കേണ്ട തീയ്യതി: | 24.09.2020 |
| 11 | പൂർത്തീകരിച്ച തീയ്യതി | 26.02.2022 (അവസാന ചെക്ക് മെഷർ) |
| 12 | ഈടാക്കേണ്ട പിഴ (3%) | 7968 രൂപ (24.09.2020 മുതൽ 15-01-2021 വരെ-1%=2656,16-01-2021 മുതൽ 26.02.2022 വരെ 2%=5312) |
| 13 | ഈടാക്കിയത് | 0 |
| 14 | കുറവ് | 7968 രൂപ |

25.06.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷ ഫയലിൽ ഇല്ല. 100 രൂപയുടെ മുദ്ര പേപ്പറിൽ 16.03.2022 ന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതായും കാണുന്നുണ്ട്. അനുവദിനീയമായ പരിധിയിൽ അധികമായി കാലാവധി ദീർഘിപ്പിച്ച നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്.

| ക്രമ നം (3) | പ്രവൃത്തിയുടെ വിവരം | 216/22 കറുപ്പത്ത്പടി കരിയംപെട്ടി പൈപ്പ് ലൈൻ നീട്ടൽ (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 75000 രൂപ |
| 2 | PAC- | 66524 രൂപ |
| 3 | APAC | 66524 രൂപ |
| 4 | കരാറുകാരൻ - | രാജേഷ്.വി |
| 5 | സാങ്കേതികാനുമതി | LSGD/TS/2020-21/43050/04.05.2020 (3 മാസം) |
| 6 | എഗ്രിമെന്റ് നം. | 33/AE/LSGD/CHVA/20-21തീ.23.06.2020 |
| 7 | പാർട്ട് ബിൽ | 0 |
| 8 | ബിൽ / വൗച്ചർ നം. | 79/22 തീ.27.03.2022 - 74507 രൂപ |
| 9 | എം.ബുക്ക് നം. | 2715/21-22 |
| 10 | പൂർത്തീകരിക്കേണ്ട തീയ്യതി: | 22.09.2020 |
| 11 | പൂർത്തീകരിച്ച തീയ്യതി | 28.02.2022 (അവസാന ചെക്ക് മെഷർ) |
| 12 | ഈടാക്കേണ്ടത് (3%) | 1995 രൂപ (22.09.2020 മുതൽ 30-12-2020 വരെ 1%=665, 31-12-2020 മുതൽ 28.02.2022 വരെ 2%=1330) |
| 13 | ഈടാക്കിയത് | 0 |
| 14 | കുറവ് | 1995 രൂപ |

23.06.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷ ഫയലിൽ ഇല്ല. 06.11.2021 ന് വാങ്ങിയ 200 രൂപയുടെ മുദ്ര പേപ്പർ ഉണ്ടെങ്കിലും സപ്ലിമെന്ററി

എഗ്രിമെന്റ് വിശദാംശങ്ങൾ കാണുന്നില്ല. പിഴ ഈടാക്കാതെ അനുവദനീയമായ പരിധിയിൽ അധികമായി കാലാവധി ദീർഘിപ്പിച്ച് നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്.

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ ഈടാക്കേണ്ട 58173(48210+7968+1995) രൂപ കരാറുകാരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.പിഴ ഈടാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ് -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ കോതകുർശി, പേങ്ങാട്ടിരി , വല്ലപ്പുഴ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലായി 719333 രൂപ ഒടുക്കിയിട്ടുണ്ട്.

ബി) മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വിവരം

കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് പ്രകാരം മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ് ആയി കോതകുർശി ഇലക്ട്രിക്കൽ സെക്ഷനിൽ 43219 രൂപ പ്രതിമാസം (കൺസ്യൂമർ നം 1165425005985) അടവാക്കി വരുന്നുണ്ട്.

സി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും , ലൈൻ വലിക്കുന്നതിനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 231/22 തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് അടാട്ട് മോഡൽ | 39974<br>60026 | തനതു ഫണ്ട്<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 319/22 തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് അടാട്ട് മോഡൽ | 30360 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| 3 | 320/22 തെരുവ് വിളക്ക് അറ്റ കുറ്റ പണി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 48944 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| 4 | 232/22 തെരുവ് വിളക്ക് അറ്റ കുറ്റ പണി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- | 87820 | തനതു ഫണ്ട് |

| | | | |
|---|---|---|---|
| | അടാട്ട് മോഡൽ | | |
| | ആകെ | 267124 | |

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . 26.07.2022 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകളുടെ എണ്ണം താഴെ പറയുന്ന പ്രകാരം തിട്ടപ്പെടുത്തിയിട്ടുണ്ട്.

| ഇലക്ട്രിക്കൽ സെക്ഷൻ | ഇനം | എണ്ണം |
|---|---|---|
| വല്ലപ്പുഴ | LED 9 Watt | 347 |
| | LED 18 Watt | 2 |
| | CFL 22 Watt | 30 |
| | ആകെ | 379 |
| കോതകുർശി | LED 9 Watt | 97 |
| | LED 15 Watt | 1 |
| | CFL 30 Watt | 8 |
| | ആകെ | 106 |
| പേങ്ങാട്ടിരി | LED 9 Watt | 224 |
| | LED 15 Watt | 1 |
| | LED 18 Watt | 6 |
| | LED 22 Watt | 1 |
| | LED 24 Watt | 6 |
| | LED 35 Watt | 13 |
| | ആകെ | 251 |

എന്നാൽ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് പുനർനിർണ്ണയിച്ചതായി കാണുന്നില്ല. വളരെ കുറച്ച് പ്രദേശത്ത് മാത്രമേ സ്ട്രീറ്റ് മെയിൻ നിലവിലുള്ളൂ. വൈദ്യുത ചാർജിൽ കുറവ് വരുത്തുന്നതിനും മീറ്ററിംഗ് നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

1-31 തെരുവു വിളക്കുകളുടെ പരിപാലനം- മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | 319/22 തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് അടാട്ട് മോഡൽ | 320/22 തെരുവ് വിളക്ക് അറ്റ കുറ്റ പണി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
|---|---|---|
| അടങ്കൽ | 49000 | 49000 |
| ചെലവ് | 30360 | 48944 |
| ബിൽ നം | 53/30.03.2022-30360 രൂപ | 52/30.03.2022- 48944 രൂപ |

സർക്കുലർ നം.75326/എഫ്.എം1/2007/ത.സ്വ.ഭ.വ തീയതി 30.01.2008 പ്രകാരം തനതു ആസ്തികളായ ഓഫീസ് കെട്ടിടം, ഷോപ്പിംഗ് കോംപ്ലക്സുകൾ , തെരുവു വിളക്കുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും, സംരക്ഷണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ.ഉ.(എം.എസ്) 06/2021/ഫിൻ.തീയതി 08.01.2021, G.O.(Ms)No.118/2022/LSGD തീയതി 04.06.2022 എന്നിവ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിക്കാൻ പാടില്ലാത്ത നെഗറ്റീവ് ലിസ്റ്റിൽ ആണ് തെരുവു വിളക്കുകളുടെ മെയിന്റനൻസ് ഉൾപ്പെടുത്തിയിട്ടുള്ളത് . 13-ാം പദ്ധതി മാർഗരേഖയിലെ (സ.ഉ.(കൈ) നം.11/2018 ത.സ്വ.ഭ.വ തീയതി 29.01.2018) ഖണ്ഡിക 6.7(7) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശം പാലിച്ചുകൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തവുകൾക്കും പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 79304 രൂപ (30360+48944 )ഓഡിറ്റിൽ തടസപ്പെടുത്തുന്നു. യുക്തമായ മറുപടി ലഭ്യമാക്കി തടസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ.

പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഫണ്ട് വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-32 പ്രത്യേക സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണം അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചു.

സംസ്ഥാന സർക്കാറിന്റെ 12 ഇന പദ്ധതിയുടെ ഭാഗമായി ചളവറ ഗ്രാമപഞ്ചായത്തിലെ കയില്യാട് സെന്ററിൽ പൊതുജനങ്ങൾക്ക് യാത്രാവേളയിൽ താല്ക്കാലികമായി വിശ്രമിക്കുന്നതിന് ഉപയോഗിക്കുന്നതിനാവശ്യമായ ഒരിടം ഒരുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രോജക്റ്റ് ആണ് ടേയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | 325/22 ടേയ്ക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട് സെന്ററിൽ |
|---|---|
| അങ്കൽ | സി.എഫ്.സി ഗ്രാന്റ് - 1849500 രൂപ<br>ഒറ്റപ്പാലം ബ്ലോക്ക് വിഹിതം 1000000 രൂപ<br>ആകെ 2849500 രൂപ |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| നിർവ്വഹണ ഏജൻസി: | കോസ്റ്റ്ഫോർഡ് , തൃശ്ശൂർ (നോൺ പി.എം.സി ) |
| ഭരണാനുമതി | 1(1) 21.03.2022 |
| സാങ്കേതിക അനുമതി | 101/2021-22തീ.22.03.2022 |
| വൗച്ചർ നം | 22101234/31.03.2022 -569900 രൂപ (Pfms Id. 0046EATPAYREQ3003202277448/31.03.2022) |
| എഗ്രിമെന്റ് നം. | 056/2021-22 Dt 23.03.2022<br>(30.06.2022 വരെ കാലാവധി) |

സാധാരണ സാങ്കേതികവിദ്യ മാത്രം ആവശ്യമുള്ള മേൽ കെട്ടിടത്തിന്റെ നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ COSTFORD നെ യാണ് ഏല്പിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ സ.ഉ (പി) നം. 311/14/ഫിൻ/30.7.2014 ലെ ഖണ്ഡിക 1 ൽ " സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ് " എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 ഉത്തരവിലെ ഖണ്ഡിക (3)3 പ്രകാരം സാങ്കേതിക ആവശ്യകതകളും സെന്റേജ് ചാർജ് മുതലായവയും അടിസ്ഥാനമാക്കി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ഭരണ വകുപ്പ് നീതിപൂർവ്വവും മത്സരാധിഷ്ഠിതവുമായ ബിഡ്ഡിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.

സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.8.2 (9) Iv പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ നം.ഡി.എ1/168/2021 ത.സ്വ.ഭ.വ തീ.07.08.2021, ഡി.എ1/56/2022 ത.സ്വ.ഭ.വ തീ.13.03.2022 എന്നീ സർക്കുലറുകൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോൾ ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്വമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിരവധി സ്കൂൾ കെട്ടിടങ്ങളും അങ്കണ വാടികളും കമ്മ്യൂണിറ്റി ഹാളുകളും , വ്യവസായ കേന്ദ്രങ്ങളും നിർമ്മിച്ചു നൽകിയിട്ടുള്ള എഞ്ചിനീയറിങ് വിഭാഗമുള്ള ഗ്രാമപഞ്ചായത്ത്, ടേക്ക് എ ബ്രേക്ക് എന്ന വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ COSTFORD നെ ഏല്പിച്ചത് ക്രമപ്രകാരമല്ല. തൻവർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചളവറ സെന്ററിൽ സാനിറ്ററി കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റി 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

- മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/11.01.2023) എഞ്ചിനീയറിംഗ് വിഭാഗം റോഡ്, മറ്റു കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ ശ്രദ്ധചെലുത്തിയിരുന്നതിനാലാണ് കോസ്റ്റ് എഫക്ടീവ് മാതൃകയിൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് , സാങ്കേതിക വൈദഗ്ധ്യം ഉള്ള COSTFORD നെ ഏല്പിച്ചതെന്ന് മറുപടി

നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* നിർമ്മാണ പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നിർവ്വഹിക്കുമ്പോൾ ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

* പ്രവൃത്തിയുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

*സാധാരണ സാങ്കേതികവിദ്യ മാത്രം ആവശ്യമുള്ള മരാമത്ത് പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നിർവ്വഹിക്കേണ്ടതാണ്.

## 1-33 കുടിവെള്ള പദ്ധതികൾ- കേടായ മോട്ടോർ ഗ്രാമ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതിന്റെ വിവരം ലഭ്യമായില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കിളിഞ്ചീരിക്കുന്ന് കുടിവെള്ള പദ്ധതി പുതിയ മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തികളും |
| പ്രൊജക്ട് നം. | 113/22 |
| അടങ്കൽ | 170000 (CFC-Tied) |
| ചെലവ് | 98282 (ബിൽ നം. : 411/28.03.2022) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം.ബുക്ക് നം | 3145/2021-22 |
| കരാറുകാരന്റെ പേര് | പി.ശശികുമാർ |

മേൽ പറഞ്ഞ എം. ബുക്ക് പ്രകാരം പ്രവർത്തന രഹിതമായ മോട്ടോറും സെക്ഷൻ പൈപ്പ്, പാനൽ ബോർഡ് തുടങ്ങിയവയും മാറ്റി, പുതിയ 5 HP മോട്ടോറും സെക്ഷൻ പൈപ്പ് തുടങ്ങിയവയും സ്ഥാപിച്ചതിന് 18135രൂപ/HP നിരക്കിൽ 90675 രൂപയും മറ്റു പ്രവൃത്തികൾക്ക് 7607 രൂപയും ഉൾപ്പടെ ആകെ 98282 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കേടുവന്ന മോട്ടോർ പമ്പ് സെറ്റ് പഞ്ചായത്തിൽ ഏല്പിച്ചതിന്റേയോ ലേലം ചെയ്തതിന്റേയോ വിവരം ലഭ്യമാക്കിയില്ല. മോട്ടോർ പമ്പ് സെറ്റ് പഞ്ചായത്തിൽ ഏല്പിച്ചതിന്റേയോ തുക പഞ്ചായത്തിൽ അടവാക്കിയതിന്റേയോ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.22/13-01-2023 കാണുക).

## 1-34 " ഇൻവേർട്ടറും അനുബന്ധ ഉപകരണങ്ങളും" വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ ഇൻവേർട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി, THRISSUR INTEGRATED POWER SOLUTION PVT LTD എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖാന്തിരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. പേര് | ഇൻവോയ്സ് നം./തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 328 ഇൻവേർട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 46/28.02.2022 | 47900 | ട്രഷറി ബിൽ നം. 9/2022തീ.08.03.2022 |

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതലുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010

/ത.സ്വ.ഭ.വ.തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഉത്തരവ് ജി.ഒ(പി) നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ലൂടെ വാങ്ങണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്ന് നിഷ്കർച്ചിട്ടുണ്ട്. ഉത്തരവിന് വിരുദ്ധമായി സ്വകാര്യ സ്ഥാപനത്തിൽ നിന്ന് നേരിട്ട് ഇൻവേർട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ-18/12.01.2023) മറുപടിയായി GeM രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാലാണ് സ്വകാര്യ സ്ഥാപനത്തിൽ നിന്ന് നേരിട്ട് ഇൻവേർട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഉത്തരവ് ജി.ഒ(പി) നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ലൂടെ വാങ്ങണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശിക്കുന്ന കേന്ദ്രീകൃത സംവിധാനത്തിലൂടെ മാത്രം വാങ്ങേണ്ടതാണ്.

### 1-35 എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 1284884 രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. മുൻ അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കി നിൽക്കുന്നതുൾപ്പെടെ 2021-22 ൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന ആകെ അഡ്വാൻസ് തുക 1132872 രൂപയാണ്. ഈ അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 09.01.2023 മുതൽ 16.01.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (മുന്നിരിപ്പ് ഉൾപ്പടെ) | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഒറ്റപ്പാലം | 2021-22 | 440000 | നിറകതിർ-സമഗ്ര നെൽ കൃഷി വികസനം | 440000 | 0 |
| | 2021-22 | 284900 | ഭിന്നശേഷി യുള്ള വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 284900 | 0 |
| | 2021-22 | 45500 | ക്ഷീര സമൃദ്ധി (ജനറൽ) | 45500 | 0 |
| | 2021-22 | 50000 | ക്ഷീര സമൃദ്ധി (SC) | 50000 | 0 |
| | 2021-22 | 290000 | ലൈഫ് മിഷൻ തുക വക യിരുത്തൽ (ജനറൽ) | 290000 | 0 |
| | 2021-22 | 1799546 | ലൈഫ് മിഷൻ തുക വകയിരു ത്തൽ(SC) | 1780000 | 19546 |
| | 2021-22 | 2145453 | SC ഡിപ്പാർട്ട് മെന്റിൽ നിന്നും ലഭ്യമായ പട്ടികയിൽ നിന്നും ലൈഫ് സ്കീം മാനദണ്ഡ പ്രകാരമുള്ള പ്രോജക്ട് | 1880000 | 265453 |
| | 2021-22 | 20000 | വിശപ്പ് രഹിത ചളവറ | 20000 | 0 |
| | 2021-22 | 2871791 | മുൻ വർഷ ങ്ങളിൽ ശ്മശാന നവീകരണ ത്തിനായി ലഭ്യമായി പഞ്ചായത്ത് ടഷറി അക്കൗണ്ടിൽ സൂക്ഷിക്കുന്ന തുക | 320000 | 2551791 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 120000 | ലൈഫ് മിഷൻ തുക വകയിരുത്തൽ (ജനറൽ) | 120000 | 0 |
| | 2021-22 | 100000 | ക്ഷീര സമൃദ്ധി (എസ്.സി) | 100000 | 0 |
| | 2020-21 | 1303871 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം (ജനറൽ) | 920000 | 383871 |
| | 2021-22 | 920000 | SC ഡിപ്പാർട്ട് മെന്റിൽ നിന്നും ലഭ്യമായ പട്ടികയിൽ നിന്നും ലൈഫ് സ്കീം മാനദണ്ഡ പ്രകാരമുള്ള പ്രോജക്ട് | 500000 | 420000 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| | 167/22 അങ്കണവാടികളുടെ വയറിംഗ്, ഇലക്ട്രിക് കണക്ഷൻ നൽകൽ | 1) 25/01.10.2021<br>2) 32/06.10.2021 | 12066<br>30000 | 0 | 42066 |
| കെ.എസ്.ഇ.ബി | 166/22 പഞ്ചായത്ത് റോഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1/18.08.2021 (UTRno.12402131972944/ 18.08.2021) | 19461 | 0 | 19461 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 440000 രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 440000 | 7749333 | 4989333 | 0 | 3200000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ചളവറ ഗ്രാമ പഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന വയുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 4-1 | 2015-16 | 4.1.1 | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ പുതുക്കിയ അക്കൗണ്ടിംഗ് സമ്പ്രദായം സംബന്ധിച്ച അവലോകനം | 20.06.2017 ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 13311720 |
| ഓഡിറ്റ് വർഷത്തെ വരവ് | 81795462 |
| ആകെ | 95107182 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 78141944 |
| നീക്കിയിരിപ്പ് | 16965238 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 167712 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി) ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 58173 | ശാലിനി.എസ്, അസി. എഞ്ചിനീയർ |

ഡി ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 82320 | ഡോ.എ.വി.ഷിബു, വെറ്ററിനറി സർജൻ |
| 1-22 | 6088 | മീര എ.വി., ICDS സൂപ്പർ വൈസർ ,-5075/-<br>ജസ്ന എം.- ICDS സൂപ്പർ വൈസർ- 1013/- |
| 1-31 | 79304 | ഷീജ എസ്.സെക്രട്ടറി ഇൻ ചാർജ് |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | കേന്ദ്ര/ സംസ്ഥാന സർക്കാർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-27 | 2650 | സംസ്ഥാന സർക്കാർ | ഷീജ എസ്, സെക്രട്ടറി- ഇൻ-ചാർജ് |

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷീജ എസ്, സെക്രട്ടറി ഇൻ ചാർജ്ജ് | അസി.സെക്രട്ടറി, ചളവറ ഗ്രാമ പഞ്ചായത്ത് | ഷീലാ മന്ദിരം, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം ജില്ല |
| ഡോ.എ.വി.ഷിബു, വെറ്ററിനറി സർജ്ജൻ | അസി.പ്രോജക്ട് ഓഫീസർ,റീജ്യണൽ അനിമൽ ഹസ്ബന്ററി സെന്റർ, കുന്നംകുളം, തൃശ്ശൂർ ജില്ല | മാളിയേക്കൽ, പെരുമ്പിലാവ്, കരിക്കാട്, തൃശ്ശൂർ ജില്ല,പിൻ-680519 |
| ശാലിനി എസ്. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വിളക്കുടി ഗ്രാമ പഞ്ചായത്ത്,കൊല്ലം ജില്ല | T.C 20/392(3), ചെമ്പകം,ശ്രീനഗർ, മുക്കോലക്കൽ പി.ഒ, മണ്ണന്തല, തിരുവനന്തപുരം |
| മീര എ.വി., ICDS സൂപ്പർ വൈസർ | റിട്ടയേർഡ് | മരക്കം തൊടി, തൃക്കടീരി, പാലക്കാട് ജില്ല |
| ജസ്ന എം.- ICDS സൂപ്പർ വൈസർ | ICDS സൂപ്പർവൈസർ, ചളവറ ഗ്രാമപഞ്ചായത്ത് | മീപറ്റ ഹൗസ്, എടവണ്ണ, മലപ്പുറം ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
| --- | --- | --- |
| 1996-97 | 408/12/17.02.2012 | Report Closed |
| 1997-98 | 408/12/17.02.2012 | Report Closed |
| 1998-99 | 408/12/17.02.2012 | 1 |
| 1999-00 | 408/12/17.02.2012 | 2 |
| 2000-01 | 408/12/17.02.2012 | Report Closed |
| 2001-02 | 408/12/17.02.2012 | 2 |
| 2002-03 | 408/12/17.02.2012 | Report Closed |
| 2003-04 | LFP 14/1753/08/24.10.2009 | 1 |
| 2004-05 | LFP 14/1643/11/29.09.11 | Report Closed |
| 2005-06 | LFP 14/1643/11/29.09.11 | 1 |
| 2006-07 | LFP 14/58/2009/26.03.09 | 3 |
| 2007-08 | LFP16 /2024/12/16.07.13 | 2 |
| 2008-09 | LFP16/612/12/16.08.13 | 4 |
| 2009-10 | LFP16/1298/13/05.02.14 | 7 |

| | | |
|---|---|---|
| 2010-11 | | |
| 2011-12 | LFP16/1275/14/07.10.14 | 3 |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/ 20.07.16 | 9 |
| 2015-16 | KSA PKD-16-1885/16/5-10-16 | 5 |
| 2016-17 | KSA PKD-16/1652/2017 Dt.25-08-17 | 26 |
| 2017-18 | KSA PKD-16/313/2019 Dt.12-04-19 | 11 |
| 2018-19 | KSA PKD-16/1413/2019 Dt.4-5-2020 | 8 |
| 2019-20 | KSA PKD-16/1187/2022 Dt.13-07-2022 | മുഴവൻ ഖണ്ഡികകളും |
| 2020-21 | KSA PKD-16/1188/22 Dt.14-07-2022 | മുഴവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം- 3

## വരവ്- ചെലവ് പത്രിക സംക്ഷിപ്തം

Chalavara Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3769539.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 500.00 |
| 140000000 | Fee & User Charges | I-4(b) | 1296184.00 |
| 150000000 | Sale & Hire Charges | I-5(b) | 706996.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137313658.00 |
| 171000000 | Interest Earned | I-8 | 357497.00 |
| | Total Income | | 143444374.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13371055.00 |
| 220000000 | Administrative Expenses | I-11(b) | 998559.00 |
| 230000000 | Operations & Maintenance | I-12(b) | 3288975.00 |
| 240000000 | Interest & Finance Charges | I-13 | 1004.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3695830.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41764017.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1537551.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 612374.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 57145738.00 |
| 255000000 | Maintenance Projects | I-14(e) | 13715768.00 |
| 272000000 | Depreciation | I-17(a) | 5487185.00 |
| | Total Expenditure | | 141618056.00 |
| | Gross Surplus/ Deficit of income over Expenditure | | 1826318.00 |
| 280000000 | Prior Period Item | I-18 | -564382.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2390700.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Chalavara Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13311720.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 769230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 1077617.00 |
| 150000000 | Sale & Hire Charges | RP-5 | 706996.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58647894.00 |
| 171000000 | Interest Earned | RP-9 | 357497.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9431276.00 |
| 340000000 | Deposits Received | RP-34 | 12500.00 |
| 350000000 | Other Liabilities | RP-36 | 174147.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 27333.00 |
| 330000000 | Secured Loans | RP-32 | 440000.00 |
| 340000000 | Deposits Received | RP-34 | 42700.00 |
| 350000000 | Other Liabilities | RP-36 | 274191.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9821581.00 |
| 460000000 | Loans, Advances and Deposits | RP-47 | 12000.00 |
| | Grand total | | 95107182.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4371308.00 |
| 220000000 | Administrative Expenses | RP-12 | 998559.00 |
| 230000000 | Operations & Maintenance | RP-13 | 2968975.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3695830.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23505850.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1537551.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 612374.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 551738.00 |
| 255000000 | Maintenance Projects | RP-20 | 13695825.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 484672.00 |
| 340000000 | Deposits Received | RP-34 | 12500.00 |
| 350000000 | Other Liabilities | RP-36 | 7932194.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1199.00 |
| 280000000 | Prior Period Item | RP-26 | -360.00 |
| 340000000 | Deposits Received | RP-34 | 80100.00 |
| 350000000 | Other Liabilities | RP-36 | 2544451.00 |
| 410000000 | Fixed Assets | RP-38 | 8523951.00 |
| 412000000 | Capital work in Progress | RP-40 | 901359.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 4009144.00 |
| 460000000 | Loans, Advances and Deposits | RP-47 | 1714724.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16965238.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 95107182.00 |

Chalavara Grama Panchayat BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19837731.48 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 712887.00 |
| 312000000 | Reserves | B-3 | 62576742.00 |
| | Total Reserve & Surplus | | 83127360.48 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11742880.00 |
| | Total Grants, Contributions for Specific Purposes | | 11742880.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3200000.00 |
| | Total Loans | | 3200000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 452085.00 |
| 350000000 | Other Liabilities | B-9 | 1995526.52 |
| | Total Current Liabilities and Provisions | | 2447611.52 |
| | TOTAL LIABILITIES | | 100517852.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 94530615.00 |
| 411000000 | Accumulated Depreciation | B-11 | -20395915.00 |
| 412000000 | Capital Work in Progress | B-11(a) | 901359.00 |
| | Total Fixed Assets | | 75036059.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4158643.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3200000.00 |
| 450000000 | Cash and Bank Balance | B-17 | 16965238.00 |
| 460000000 | Loans, Advances and Deposits | B-18 | 1157912.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 25481793.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 100517852.00 |

ഡെപ്യൂട്ടി ഡയറക്ടർ